**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 175** **3. 10.11 ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി**

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ

ശ്രീ.പാലോട് രവി

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | എ | കേരളത്തിലെ വിവിധ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ജലമാർഗ്ഗം വഴിയുള്ള ചരക്ക് ഗതാഗതവും യാത്രാസൗകര്യവും മെച്ചപ്പെടുത്തുക, ചരക്ക് ഗതാഗതത്തിനുള്ള ചെലവ് കുറയ്ക്കുക, രാസ വസ്തുക്കളും പെട്രോളിയം ഉല്പന്നങ്ങളും പോലുള്ള അപകടകരമായ കാർഗോയുടെ കരമാർഗ്ഗമുള്ള ഗതാഗതം പരമാവധി ഒഴിവാക്കുക, റോഡിലെ വാഹനങ്ങളുടെ ബാഹുല്യം മൂലമുള്ള ഗതാഗതക്കുരുക്കും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുക എന്നിവയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ. |
| ബി | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു മൂലം റോഡിൽ കൂടിയുള്ള ചരക്കു ഗതാഗതം എത്ര ശതമാനമാണ് കുറയാൻ സാദ്ധ്യതയുള്ളത് ; വിശദാംശങ്ങൾ നൽകുമോ ; | ബി | കേരളത്തിലെ പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളും അതിനിടയ്ക്കുള്ള വലിയ കായലുകളും ഉൾപ്പെടുന്ന ഇൻലാന്റ് വാട്ടർവേയും ഇതിനു സമാന്തരമായുള്ള ഹൈവേയും റെയിൽവേയും ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന് തികച്ചും അനുകൂലഘടകമാണെന്ന് തുറമുഖ ഡയറക്ടർ നടത്തിയ പ്രാഥമിക പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു മൂലം കരമാർഗ്ഗമുള്ള ചരക്കുഗതാഗതത്തിൽ ഗണ്യമായ കുറവു വരുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| സി | സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളാണ് ഇതിനുവേണ്ടി സജ്ജമാക്കാനുദ്ദേശിക്കുന്നത് ; | സി | ആരംഭഘട്ടത്തിൽ അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് തീരദേശ കപ്പൽ ഗതാഗതം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പിന്നീട് കാസർഗോഡ് , പൊന്നാനി എന്നീ തുറമുഖങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| ഡി | ഈ പദ്ധതി നടപ്പാക്കുന്നതുമൂലം എത്ര പേർക്ക് തൊഴിൽ നൽകാനാവും എന്നാണ് ഗവൺമെന്റ് കരുതുന്നത് ? | ഡി | റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതം ജലമാർഗ്ഗത്തിലേക്ക് മാറ്റുന്നതുവഴി അധിക തൊഴിൽ ഉണ്ടാകാനുള്ള സാദ്ധ്യത കുറവാണെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ